# 15 -ാം കേരള നിയമസഭ

# 2 -ാം സമ്മേളനം

2021 ജൂലൈ 23, വെള്ളി

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി**

**വനം-വന്യജീവി വകുപ്പ് മന്ത്രി**

**ജലവിഭവ വകുപ്പ് മന്ത്രി**

**മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി**

## അനധികൃത മരം മുറി

*31 **ശ്രീ സി ആർ മഹേഷ്**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുട്ടിലിൽ അനധികൃതമായി മരം മുറിച്ചു കടത്തിയ സംഭവത്തിൽ വനം ചെക്ക്പോസ്റ്റ് ഉദ്യോഗസ്ഥർ പ്രതികളെ സഹായിക്കാൻ കൂട്ടുനിന്നു എന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവം സംബന്ധിച്ച അന്വേഷണത്തെ തുടർന്ന് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) മുൻ സർക്കാരിന്റെ കാലത്തെ വനംവകുപ്പു മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി മുട്ടിൽ മരംമുറി കേസിലെ പ്രതികളുമായി ഫോൺ സംഭാഷണം നടത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥൻ പിന്നീട് വനം വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട് മുട്ടിൽ മരംമുറി കേസിലെ പ്രതികൾക്ക് സഹായം ലഭ്യമാക്കാൻ ശ്രമിച്ചിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## തീരസംരക്ഷണ പ്രവർത്തനങ്ങൾ

*32 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ വി കെ പ്രശാന്ത്**

**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**

**ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ തീരം സംരക്ഷിക്കാനായി ജലവിഭവ വകുപ്പ് നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; കിഫ്ബി ഫണ്ടുപയോഗിച്ച് നടത്തി വരുന്ന തീരസംരക്ഷണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കടലാക്രമണം രൂക്ഷമായ തീരപ്രദേശത്തിന്റെ ദൈർഘ്യം ഏറെയാണെന്നതും കരിങ്കല്ലിന്റെ ലഭ്യതക്കുറവും മുൻനിർത്തി കരിങ്കൽ ഭിത്തിക്ക് ബദലായി മറ്റ് സാങ്കേതിക മാർഗ്ഗങ്ങൾ പ്രായോഗികമാക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പരീക്ഷണാടിസ്ഥാനത്തിൽ ജിയോട്യൂബ് സ്ഥാപിച്ചതിന്റെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ജിയോബാഗ് ഉപയോഗിച്ചുള്ള കടൽ ഭിത്തി നിർമ്മാണത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## <u>കാട്ടുതീ നിയന്ത്രണം</u>

*33 **ശ്രീ. ആന്റണി ജോൺ**

**ശ്രീ. എ.എൻ.ഷംസീർ**

**ശ്രീ. എ. രാജ**

**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ടം ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വനമേഖലകളിൽ ഉണ്ടാകുന്ന കാട്ടുതീമൂലം വലിയ തോതിൽ വനസമ്പത്തും പക്ഷിമൃഗാദികളും നശിച്ചുപോകുന്നതായ വസ്തുത കാലാവസ്ഥാ വ്യതിയാനത്തിന്റെ സവിശേഷമായ സാഹചര്യത്തിൽ പ്രത്യേകമായി വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാട്ടുതീ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രകൃതിദത്തമായ ജലസ്രോതസ്സുകളുടെയും കാട്ടുരുവികളുടെയും സംരക്ഷണത്തിലൂടെ കാട്ടുതീ നിയന്ത്രണത്തിന് ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വനാന്തരങ്ങളിലും വനത്തോടനുബന്ധിച്ചും അധിവസിക്കുന്ന ജനവിഭാഗങ്ങളെ കാട്ടുതീ നിയന്ത്രണ ബോധവൽക്കരണത്തിലും പ്രവർത്തനങ്ങളിലും പങ്കാളികളാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

## <u>സ്ഥാപന വനവൽക്കരണ പദ്ധതി</u>

*34 **ശ്രീ. പി. ടി. എ. റഹീം**

**ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. എം.വിജിൻ**

**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഹരിത കവചം മുപ്പത്തിമൂന്ന് ശതമാനമാക്കാനുള്ള ഊർജ്ജിത ശ്രമങ്ങളുടെ ഭാഗമായി വനം വകുപ്പ് നടപ്പാക്കുന്ന സ്ഥാപന വനവൽക്കരണ പദ്ധതി പ്രകാരം മികച്ച രീതിയിൽ മരം നട്ടുവളർത്തി പരിപാലിക്കുന്നവർക്ക് അവാർഡ് ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ;

(ബി) പ്രസ്തുത അവാർഡിനായി പ്രത്യേക മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അതിജീവനത്തിന്റെ മാർഗ്ഗമാണ് പ്രകൃതി സംരക്ഷണമെന്ന് പുതിയ തലമുറയെ ബോധ്യപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂൾ, കോളേജ് തലങ്ങളിൽ നടപ്പാക്കുന്ന വിദ്യാവനം പദ്ധതിയുടെയും പട്ടണങ്ങളിൽ നടപ്പാക്കുന്ന നഗരവനം പദ്ധതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## <u>ദേശീയ വനവൽക്കരണ പരിപാടി</u>

*35 **ശ്രീ. പി.വി.അൻവർ**
**ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങളുടെ സ്വാഭാവിക പുനരുജ്ജീവനത്തെ സഹായിക്കുന്നതിനായി ദേശീയ വനവൽക്കരണ പരിപാടിയുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വനമേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി ആർട്ടിഫിഷ്യൽ റീജനറേഷൻ, പാർസ്ച്ചർ ഡവലപ്പ്മെന്റ്, പുൽമേടുകളുടെ വികസനം എന്നിവയുടെ പുരോഗതി അറിയിക്കുമോ;

(സി) മുളങ്കാടുകളുടെയും ചൂരൽകാടുകളുടെയും പുനരുജ്ജീവനത്തിനും വനമേഖലയെ ആശ്രയിച്ചു കഴിയുന്നവരുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് നടന്നു വരുന്നതെന്നും അവയുടെ പുരോഗതി സംബന്ധിച്ച വിവരവും വെളിപ്പെടുത്താമോ?

## <u>പട്ടികജാതി പട്ടികവർഗ്ഗ ഗോത്രങ്ങളിൽപ്പെട്ടവരുടെ ഭവനരാഹിത്യം</u>

*36 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ ഒ . ആർ. കേളു**
**ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതികളിലും പട്ടിക വർഗ്ഗ ഗോത്രങ്ങളിലും പെട്ടവരുടെ ഭവനരാഹിത്യം സമയബന്ധിതമായി പരിഹരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഭവനരഹിതരും ഭൂരഹിതരുമായ എത്ര പട്ടികജാതി, പട്ടികവർഗ്ഗ ഗോത്ര കുടുംബങ്ങൾ

ഉണ്ടെന്നതിന്റെ കണക്ക് ലഭ്യമാണോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ്ഗ ഗോത്ര കുടുംബങ്ങൾക്ക് അനുവദിച്ച ആകെ വീടുകളുടെ എണ്ണവും പ്രസ്തുത കാലയളവിൽ പണി പൂർത്തിയാക്കാതെ കിടന്നിരുന്നതുൾപ്പെടെ പൂർത്തീകരിച്ച വീടുകളുടെ എണ്ണവും എത്രയെന്നതിന്റെ വിവരം ലഭ്യമാണോ;

(ഡി) നിലവിലവിൽ വാസയോഗ്യമല്ലാത്ത വീട്ടിൽ താമസിയ്ക്കുന്നതും എന്നാൽ വീടുണ്ടെന്ന കാരണത്താൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ പോകുകയും ചെയ്തവരെ അർഹത ലിസ്റ്റിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

## <u>മുട്ടിൽ മരംമുറി</u>

*37 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. പി. ടി. തോമസ്**
**ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരംമുറി കേസിൽ പിടിച്ചെടുത്ത തടി സ്വാഭാവിക വനമേഖലയിൽ നിന്നും മുറിച്ചെടുത്തിട്ടുള്ളതാണെന്ന് സർക്കാർ ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) റവന്യൂ പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കാൻ നൽകിയ ഉത്തരവിനെത്തുടർന്ന് വനമേഖലയിൽ നിന്നും മരങ്ങൾ മുറിച്ചു കടത്തുവാൻ സാഹചര്യമുണ്ടായത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ഉത്തരവിനെത്തുടർന്ന് നടന്ന അനധികൃത മരം മുറിയ്ക്ക് ഉന്നത ഉദ്യോഗസ്ഥരുടെയും മുൻ വനം മന്ത്രിയുടെ ഓഫീസിന്റെയും പിന്തുണയുണ്ടായിരുന്നു എന്ന് ആരോപണങ്ങൾ ഉയർന്ന സാഹചര്യത്തിൽ കുറ്റക്കാരെ ശിക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## <u>കെ.എം. മാണി മൈക്രോ ഇറിഗേഷൻ പദ്ധതി</u>

*38 **ഡോ. എൻ. ജയരാജ്**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എം. മാണി മൈക്രോ ഇറിഗേഷൻ എന്ന പേരിൽ ഒരു പദ്ധതി ജലസേചന വകുപ്പ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും എല്ലാ വിളകൾക്കും പ്രസ്തുത പദ്ധതിയിലൂടെ ജലസേചന സൗകര്യം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി കാർഷിക വിളകളുടെ ഇനം തിരിച്ച് മേഖലകളോ ക്ലസ്റ്ററുകളോ

രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

**<u>ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ</u>**

*39 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. റ്റി.പി .രാമകൃഷ്ണൻ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊവിഡ് മഹാമാരി കാരണം നിർബന്ധമാക്കിയ അടച്ചുപൂട്ടൽ മറ്റു രംഗങ്ങളിലെന്നപോലെ ദേവസ്വം ബോർഡുകളുടെയും പ്രവർത്തനത്തിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രതിസന്ധിക്കിടയിലും ക്ഷേത്രജീവനക്കാർക്കു ശമ്പളം നൽകുന്നതിനും ദീർഘകാലത്തിനു ശേഷം മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും സാധ്യമായിട്ടുണ്ടോ;

(സി) മലബാർ ദേവസ്വം ബോർഡിനു കീഴിൽ വരുമാനം കുറവുള്ള ക്ഷേത്രങ്ങളിലെ ശമ്പള ബാധ്യത പൂർണ്ണമായും സർക്കാർ ഏറ്റെടുത്തിരുന്നോ;

(ഡി) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ അബ്രാഹ്മണ ശാന്തിക്കാരെ നിയമിക്കാനുള്ള തീരുമാനത്തിന്റെയടിസ്ഥാനത്തിൽ വിവിധ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ നടത്തുന്ന നിയമനത്തിന്റെ പുരോഗതി അറിയിക്കാമോ?

**<u>ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തൽ</u>**

*40 **ശ്രീ വി ശശി**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തേണ്ടതിന്റെയും ജലസംക്ഷണ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തൽ, ജലസംരക്ഷണം എന്നിവയ്ക്കായി പദ്ധതികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തുന്നതിനും ജലസംരക്ഷണത്തിനും അയൽ സംസ്ഥാനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) രണ്ട് പ്രളയങ്ങൾക്ക് ശേഷം നദികളിലടിഞ്ഞുകൂടിയ മാലിന്യം നീക്കം ചെയ്ത് നദികളുടെ സ്വാഭാവിക ഒഴുക്ക് നിലനിർത്തുന്നതിനായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച പരിപാടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ?

## സമുദ്രസമ്പത്തിന്റെ വാണിജ്യവൽക്കരണം

*41 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ.വി.സുമേഷ്**
**ഡോ സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ സമുദ്രസമ്പത്ത് അന്താരാഷ്ട്ര കോർപ്പറേറ്റുകൾക്ക് അടിയറവയ്ക്കുന്ന തരത്തിൽ സമുദ്രസമ്പത്തിന്റെ വാണിജ്യവൽക്കരണത്തിന് കേന്ദ്ര സർക്കാർ അനുമതി നൽകിയെന്ന വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാരിന്റെ ഈ നടപടി മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുമെന്ന മത്സ്യത്തൊഴിലാളികളുടെ ആശങ്ക പരിശോധിക്കുമോ;

(സി) പ്രസ്തുത നടപടി തീരദേശവാസികളുടെ ജീവനോപാധിക്ക് ഭീഷണിയാകുമെന്ന് ആശങ്കയുള്ള സാഹചര്യത്തിൽ സംസ്ഥാനങ്ങളുമായി ചർച്ച നടത്തിയതിനു ശേഷം മാത്രം ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

## തീരദേശ പരിപാലന പദ്ധതി

*42 **ശ്രീ. എൻ.കെ. അക്ബർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ വി ജോയി**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ തീരനിയന്ത്രണ മേഖലാ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് തീരദേശ പരിപാലന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) തീരദേശ പരിപാലന പദ്ധതി തീരദേശവാസികളായ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കാനിടയുണ്ടെന്ന് ആശങ്കപ്പെടുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുവാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) തീരദേശമേഖലയിലെ പശ്ചാത്തല സൗകര്യ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

## പട്ടയഭൂമിയിലെ മരംമുറി

*43 **ശ്രീ . എൻ . ഷംസുദീൻ**
**ശ്രീ . പി . ഉബൈദുള്ള**
**ശ്രീ . ടി. വി. ഇബ്രാഹിം**
**ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതി നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് സംബന്ധിച്ച് തങ്ങളുടെ ആശങ്കകൾ ബന്ധപ്പെട്ട കളക്ടർമാർ വനം വകുപ്പിനെ അറിയിച്ചിരുന്നോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പട്ടയഭൂമിയിലെ റിസർവ്വ്, ഷെഡ്യൂൾ മരങ്ങൾ സംരക്ഷിക്കുന്നതിൽ വകുപ്പിന് വീഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>വനമേഖലയിലെ കുടുംബങ്ങൾക്ക് തൊഴിൽ അവസരങ്ങൾ</u>**

*44 **ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കെ ബി ഗണേഷ് കുമാർ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താരതമ്യേന തൊഴിൽ അവസരങ്ങൾ കുറവായിരുന്ന വനമേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക് ലോക്ഡൗണിൽ തൊഴിൽ അവസരങ്ങൾ ഇല്ലാതെയായതിനാൽ പരമാവധി പുതിയ തൊഴിൽ സാധ്യതകൾ ആവിഷ്കരിക്കാൻ വനം വകുപ്പ് പരിഗണിക്കുന്ന പദ്ധതികൾ വിശദമാക്കുമോ ;

(ബി) വന സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രാദേശിക തൊഴിൽ അവസരങ്ങൾ കൂടുതലായി കണ്ടെത്തുന്നതിനും അവ അതത് പ്രദേശത്തെ തൊഴിലാളി കുടുംബങ്ങളും വനാശ്രിത ഗോത്ര സമിതികളും ഉൾപ്പെടുന്ന വനസംരക്ഷണ സമിതികൾ മുഖേന നടപ്പിലാക്കുന്നതിനും കൂടുതൽ പരിഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വനസംരക്ഷണ സമിതികൾ മുഖേന ജോലി ചെയ്യ തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പ്രാപ്തമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

**<u>ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട്</u>**

*45 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. പി. ടി. തോമസ്**
**ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിച്ച ജസ്റ്റിസ് ഹേമ കമ്മീഷൻ ഈ കാര്യത്തിൽ ശക്തമായ നിയമനിർമ്മാണം വേണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമ നിർമ്മാണം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സിനിമാ മേഖലയിലെ ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനായി ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടി

സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ജലജീവൻ മിഷൻ

*46 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ഡോ.കെ.ടി.ജലീൽ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഓടെ ഗ്രാമപ്രദേശങ്ങളിലുള്ള എല്ലാ വീടുകളിലും പൈപ്പിലൂടെ ശുദ്ധജലം എത്തിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന പങ്കാളിത്തത്തോടെയുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) 2021-22ൽ എത്ര കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്; പദ്ധതിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ജലജീവൻ മിഷൻ പദ്ധതിയിൽ ഏതുതരത്തിലുള്ള ജലസ്രോതസ്സുകളെയാണ് ആശ്രയിക്കുന്നത്; ഇതിനായി ജലബജറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ജലജീവൻ മിഷൻ പദ്ധതിയിൽ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനുള്ള നടപടികളുണ്ടോയെന്ന് വ്യക്തമാക്കുമോ?

## മുട്ടിൽ മരം മുറി

*47 **ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം.കെ . മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുട്ടിലിൽ നൂറുവർഷത്തിലേറെ പഴക്കമുള്ള ഈട്ടി മരങ്ങൾ മുറിച്ച സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം കർശന നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## പട്ടികജാതി വിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണം

*48 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ വി ശശി**
**ശ്രീ ജി എസ് ജയലാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള നിയമങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) പട്ടികജാതി വിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണത്തിനും സാമൂഹിക ഉന്നമനത്തിനുമായി കേന്ദ്ര പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികജാതി വിഭാഗങ്ങളിൽ നിന്നും മിശ്രവിവാഹ ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കി ധനസഹായം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; ;

(ഡി) പട്ടികജാതി വിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് ബോധവത്ക്കരണ പരിപാടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## <u>ജലജീവൻ മിഷൻ</u>

*49 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിന് ജലജീവൻ മിഷൻ നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് മുൻവർഷങ്ങളിൽ കേന്ദ്രസർക്കാർ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ</u>

*50 **ശ്രീ .പി. കെ. ബഷീർ**
**ശ്രീ . എൻ . ഷംസുദീൻ**
**ശ്രീ എ കെ എം അഷ്‌റഫ്**
**ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനും വൈദ്യുതി ഇല്ലാത്തവർക്ക് വൈദ്യുതി എത്തിക്കുന്നതിനും എന്തെല്ലാം നടപടികളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## <u>പട്ടയഭൂമിയിലെ മരംമുറി</u>

*51 **ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 27.06.2019-ന് പട്ടയഭൂമിയിലെ മരംമുറിയുമായി ബന്ധപ്പെട്ട് വനം വകുപ്പ മന്ത്രി മീറ്റിംഗ് വിളിച്ചിരുന്നോ; എങ്കിൽ പ്രസ്തുത മീറ്റിംഗിന്റെ തീരുമാനങ്ങൾ എന്തൊക്കെയിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പട്ടയഭൂമിയിലെ ചന്ദനം, തേക്ക്, ഈട്ടി, കരിമരം എന്നിവ മുറിക്കുന്നതുസംബന്ധിച്ച് പ്രസ്തുത മീറ്റിംഗിൽ സ്വീകരിച്ച നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) 03.09.2019 ന് റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ വനം വകുപ്പ് മേധാവി ഇതുസംബന്ധിച്ച് സ്വീകരിച്ച നിലപാട് ആവർത്തിച്ചിരുന്നോ;

(ഡി) പട്ടയ ഭൂമിയിലെ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാൻ അനുവദിച്ചുകൊണ്ട് റവന്യൂ മന്ത്രിയുടെ നിർദ്ദേശ പ്രകാരം റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 24.10.2020-ന് ഇറക്കിയ ഉത്തരവ് വനം വകുപ്പ് സ്വീകരിച്ച നിലപാടുകൾക്ക് വിരുദ്ധമായിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## <u>ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനങ്ങൾ</u>

*52 **ഡോ.കെ.ടി.ജലീൽ**
**ശ്രീ എം മുകേഷ്**
**ശ്രീമതി ദെലീമ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചലച്ചിത്ര അക്കാദമി കഴിഞ്ഞ അഞ്ചുവർഷക്കാലം നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കോവിഡ് മൂലം പ്രതിസന്ധിയിലായ കലാരംഗത്തെയും വരുമാനമില്ലാതായ കലാകാരന്മാരെയും സഹായിക്കുന്നതിനായി നടത്തുന്ന ശ്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) മികവുറ്റ സാങ്കേതിക സംവിധാനങ്ങൾ സജ്ജമാക്കിയും വ്യവസായ പരിഗണന നൽകിയും സിനിമാരംഗത്ത് സമഗ്രമാറ്റങ്ങൾ കൊണ്ടുവരുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) അന്താരാഷ്ട്ര ചലച്ചിത്രമേളകൾ കൂടുതൽ ജനകീയമാക്കിക്കൊണ്ട് ഉന്നതമായ ചലച്ചിത്ര സംസ്കാരത്തിന് വഴിയൊരുക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>ബഫർ സോണിലെ നിയന്ത്രണങ്ങൾ</u>

*53 **ശ്രീ എം രാജഗോപാലൻ**
**ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങളോ ദേശീയോദ്യാനങ്ങളോ ആയി പ്രഖ്യാപിക്കപ്പെട്ട വനങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ ഏർപ്പെടുത്തിയിട്ടുള്ള ബഫർ സോണിൽ ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിൽ ബഫർ സോൺ നിജപ്പെടുത്തുമ്പോൾ ജനവാസ മേഖലകളെ ഒഴിവാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ബഫർ സോണിൽ താമസിക്കുന്ന ജനങ്ങൾ ഏതെല്ലാം തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) വനത്തോട് ചേർന്ന് ബഫർ സോണായി നിർണ്ണയിച്ചിരിക്കുന്ന പ്രദേശങ്ങളിൽ വന്യജീവികളുടെ ഉപദ്രവം വർദ്ധിക്കാനിടയുണ്ടോ; വന്യജീവികൾ കൃഷിയിടങ്ങളിലേക്ക് പ്രവേശിക്കുന്നത് തടയാൻ എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

**മത്സ്യ മേഖലയിലെ വനിതകളുടെ ക്ഷേമം**

*54 **ശ്രീ. പി. നന്ദകുമാർ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധന മേഖലയിലും അനുബന്ധ മേഖലകളിലും തൊഴിൽ ചെയ്യുന്ന വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കോവിഡ് മൂലമുണ്ടായിട്ടുള്ള തൊഴിൽ പ്രതിസന്ധിയുടെ സാഹചര്യത്തിൽ മത്സ്യവിപണന രംഗത്തേക്ക് പുതുതായി കൂടുതൽ സ്ത്രീകൾ കടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മത്സ്യ വിപണനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും അവരുടെ സുരക്ഷയുറപ്പാക്കുന്നതിനും ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

**പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ**

*55 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി,പട്ടിക ഗോത്രങ്ങളിൽ ഉൾപ്പെട്ടവർക്കുള്ള ക്ഷേമവികസന പദ്ധതികൾ യഥാസമയം അർഹരിലേക്കെത്തുന്നു എന്നുറപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം നഗരസഭയിൽ പട്ടികജാതിയിൽപ്പെട്ടവർക്കുള്ള വ്യക്തിഗത ആനുകൂല്യം എസ്.സി. പ്രൊമോട്ടർ തട്ടിയെടുത്തതായി പറയപ്പെടുന്ന സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടിയെടുത്തിരുന്നോ; ഇത്തരത്തിലുള്ള കുറ്റക്കാർക്കെതിരെ മാതൃകാപരമായ നിയമനടപടി ഉറപ്പു വരുത്തുമോ;

(സി) പ്രസ്തുത സംഭവത്തിന്റെ പശ്ചാത്തലത്തിൽ പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കായുള്ള

വ്യക്തിഗത ആനുകൂല്യങ്ങൾ അനർഹർ തട്ടിയെടുക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>പട്ടിക ഗോത്ര വിഭാഗങ്ങൾക്കായുള്ള ക്ഷേമ പദ്ധതികൾ</u>**

*56 **ശ്രീ. കെ.എം.സച്ചിൻദേവ്**
**ശ്രീ. റ്റി.പി .രാമകൃഷ്ണൻ**
**ശ്രീ ഒ . ആർ. കേളു**
**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ പരിരക്ഷയും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് വേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ;

(ബി) സർക്കാരിന്റെ പ്രായോഗികമായ ഇടപെടൽമൂലം പട്ടിക ഗോത്ര വിഭാഗങ്ങളിലെ സ്ത്രീകൾക്കിടയിലുണ്ടായ സാമൂഹ്യ മാറ്റങ്ങൾ എന്തെല്ലാമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(സി) പട്ടിക ഗോത്ര വർഗ്ഗത്തിൽപ്പെട്ട ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മത്സ്യ വിത്ത് ഉത്പാദന പദ്ധതികൾ</u>**

*57 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതിയായ അളവിൽ ഗുണമേന്മയുള്ള മത്സ്യ വിത്ത് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മത്സ്യ വിത്തിന്റെ ഗുണമേന്മയും ഉൽപാദനവും വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ നടത്തുന്ന സജീവമായ ഇടപെടലിന്റെ ഭാഗമായി സർക്കാർ ഫാമുകൾ, ഹാച്ചറികൾ, നഴ്സറികൾ, അക്വേറിയങ്ങൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) നടപ്പു സാമ്പത്തിക വർഷത്തിൽ മത്സ്യ വിത്ത് ഉത്പാദന കേന്ദ്രങ്ങളുടെ കാര്യത്തിൽ സാമ്പത്തിക ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>തെന്മല ഡാമിന് സമീപമുള്ള റിസർവ്വ് വനം</u>**

*58 **ഡോ. എം.കെ . മുനീർ**
**ശ്രീ . ടി. വി. ഇബ്രാഹിം**

**ശ്രീ . പി . ഉബൈദുള്ള**
**ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെന്മല ഡാമിന് സമീപമുള്ള തിരുവനന്തപുരം-ചെങ്കോട്ട റോഡരികിലെ 246.26 ഏക്കർ റിസർവ്വ് വനം തരിശു ഭൂമിയായി മാറ്റിയെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത വനഭൂമി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

## ശബരിമല റോപ് വേ പദ്ധതി

*59 **ഡോ സുജിത് വിജയൻപിള്ള**
**ശ്രീ. എം. എം. മണി**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിന്റെ ഭാഗമായ റോപ് വേ പദ്ധതിയുടെ നടത്തിപ്പിന് വനം വകുപ്പുമായി നിലനിന്നിരുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി വകുപ്പുമന്ത്രി നടത്തിയ ചർച്ചയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) റോപ് വേ പദ്ധതിയുടെ നടത്തിപ്പിനായി വനം വകുപ്പിന്റെ ക്ലിയറൻസ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കി പദ്ധതി ത്വരിതപ്പെടുത്തുന്നതിന് പ്രസ്തുത ചർച്ചയിൽ തീരുമാനമായിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ച പരിസ്ഥിതി പഠന റിപ്പോർട്ട് വനം വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) റോപ് വേ പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾ, നടത്തിപ്പ് എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

## ജനവാസ കേന്ദ്രങ്ങളിലെ വന്യജീവി ശല്യം

*60 **ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുകളിലെ ആവാസ വ്യവസ്ഥയ്ക്കുണ്ടായ മാറ്റം മൂലം വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങുകയും കൃഷി നശിപ്പിക്കുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാട്ടാനയുടെ ശല്യം തടയുന്നതിനായി സ്ഥാപിച്ച റെയിൽ വേലികളുടെ നിലവാരം

സംബന്ധിച്ച ആരോപണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിലവാരമില്ലാത്ത സുരക്ഷാ ക്രമീകരണങ്ങൾ വന്യ ജീവികളുടെ ആക്രമണം വർദ്ധിക്കാൻ ഇടയാക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ഡി) കാടിന്റെ ആവാസ വ്യവസ്ഥ പരിരക്ഷിച്ച് ഇത്തരം സംഭവങ്ങൾ തടയുന്നതിന് ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,

എസ് വി ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി,

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].